ഭരണ ഭാഷ-മാതൃഭാഷ

ICDS/B6-15268/2020

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 12/02/2022
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

മാഡം,

വിഷയം:-വനിത ശിശു വികസന വകുപ്പ്- ഐ.സി.ഡി.എസ്- **അങ്കണവാടികളിൽ കുട്ടികളെ പ്രവേശിപ്പിച്ച് പ്രീ സ്കൂൾ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നത്- അനുമതി –** സംബന്ധിച്ച്:-

സൂചന:-1) ഈ കാര്യാലയത്തിലെ 28/12/2021 ലെ ഇതേ നം കത്ത്.

2) സ.ഉ(സാധാ) നം109/2022/DMD തീയതി : 04/02/2022

3) 11/02/2022 തീയതിയിലെ സർക്കാർ നിർദ്ദേശം

അങ്കണവാടികളിൽ കുട്ടികളെ പ്രവേശിപ്പിച്ച് പ്രീസ്കൂൾ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് മാർഗ്ഗരേഖ 29/12/2021 ന് പുറപ്പെടുവിച്ചിരുന്നു. സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം ഫെബ്രുവരി 14 മുതൽ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും , ക്രഷുകളും, കിന്റർ ഗാർട്ടൻ ക്ലാസ്സുകൾ തുടങ്ങിയവയും ഓഫ്ലൈനായി പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളും പ്രീസ്കൂൾ സേവനം നൽകുന്നതിനായി കുട്ടികളെ പ്രവേശിപ്പിച്ച് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് **2022 ഫെബ്രുവരി 14 മുതൽ** പ്രീസ്കൂൾ പ്രവർത്തനങ്ങൾ പുനരാരംഭിക്കേണ്ടതാണ്. കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള **"കുരുന്നുകൾ അങ്കണവാടിയിലേക്ക് "** എന്ന മാർഗ്ഗരേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും അങ്കണവാടികളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തേണ്ടതുമാണ്. കൂടാതെ

അങ്കണവാടികളിൽ എത്തുന്ന കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്ത് നൽകേണ്ടതും എത്താൻ സാധിക്കാത്ത കുട്ടികൾക്ക് Take Home Ration പദ്ധതി തുടരേണ്ടതുമാണ്.

അങ്കണവാടികളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് മുന്നോടിയായി അങ്കണവാടിയും പരിസരവും വൃത്തിയാക്കേണ്ടതും സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതുമാണ്. കോവിഡ് വ്യാപനം രൂക്ഷമായ ഏരിയയിൽ ജില്ലാകലക്ടറുടെ നിർദ്ദേശ പ്രകാരം അങ്കണവാടികളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

വിശ്വസ്തതയോടെ

Guideline Link – click here



വനിത ശിശു വികസന ഡയറക്ടർ

പകർപ്പ് :

1. എല്ലാ ജില്ലാ വനിതശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്കും